"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം - വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി - നിലമ്പൂർ സൗത്ത് ഡിവിഷനിലെ സോമിൽ മാറ്റി സ്ഥാപിച്ചതിലെ ക്രമക്കേടുകൾ - ശ്രീ.ജെയിംസ് മാത്യു റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരായ അച്ചടക്ക നടപടി - സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.355/2021/വനം തീയതി,തിരുവനന്തപുരം, 12/11/2021

---

പരാമർശം:-
1. 31.12.2015-ലെ സ.ഉ.(സാധാ.) നം.562/2015/വനം ഉത്തരവ്.
2. 29.03.2016-ലെ സ.ഉ.(സാധാ.) നം.128/2016/വനം ഉത്തരവ്.
3. 31.03.2021-ലെ സ.ഉ.(സാധാ.) നം.108/2021/വനം ഉത്തരവ്.
4. 07.07.2021-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി5-63325/2015 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നിലമ്പൂർ സൗത്ത് ഡിവിഷനിലെ എടവണ്ണ പഞ്ചായത്തിലെ എടവണ്ണ വില്ലേജിൽ നിന്നും മമ്പാട് പഞ്ചായത്തിലുള്ള പള്ളിക്കുന്ന് എന്ന സ്ഥലത്തേയ്ക്ക് ബജീന സോമിൽ മാറ്റി സ്ഥാപിക്കുന്നതിന് അനുവാദം നൽകിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ശ്രീ.ജെയിംസ് മാത്യു റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ പരാമർശം (1) പ്രകാരം സസ്പെന്റ് ചെയ്യുകയും പരാമർശം (2) പ്രകാരം സർവീസിൽ പുനപ്രവേശിപ്പിക്കുകയും ചെയ്തു.

2) പ്രസ്തുത വിഷയത്തിൽ ടിയാന് കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ (അഞ്ഞൂറ് രൂപ) വീതം 3 വർഷത്തേയ്ക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 3 പ്രകാരം കുറവു ചെയ്യുന്നതിന് തീരുമാനിച്ചുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി പരാമർശം (3) പ്രകാരം ഉത്തരവാകുകയും ചെയ്തു.

3) ശ്രീ.ജയിംസ് മാത്യുവിന്റെ 31.12.2015 മുതൽ 28.03.2016 വരെയുള്ള സസ്പെൻഷൻ കാലയളവും 29.03.2016 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചതുവരെയുള്ള കാലയളവും കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 56(ബി) പ്രകാരം ക്രമീകരിക്കുന്നതിനും അച്ചടക്ക നടപടി ടിയാന് ശിക്ഷ നൽകി തീർപ്പാക്കിയിട്ടുള്ളതിനാൽ ടിയാന്റെ സസ്പെൻഷൻ കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്ക് മാത്രം യോഗ്യകാലമായി പരിഗണിക്കുന്നതിനും, പ്രസ്തുത കാലയളവിലെ ശമ്പളം ഉപജീവന ബത്തയിൽ നിജപ്പെടുത്താവുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ. ഓഫ് ഫോറസ്റ്റ്

(ഭരണം) പരാമർശം (4) പ്രകാരം ശുപർശ ചെയ്യുകയുണ്ടായി.

4) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ച ശ്രീ.ജയിംസ് മാത്യു റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 31.12.2015 മുതൽ 28.03.2016 വരെയുള്ള സസ്പെൻഷൻ കാലയളവ് ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവനബത്തയിൽ നിജപ്പെടുത്തി പെൻഷനുമാത്രം ഡ്യൂട്ടിയായും, 29.03.2016 മുതൽ ജോലിയിൽ പുനഃപ്രവേശിച്ചതു വരെയുള്ള ഇടവേള കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 56(ബി)(9)-ന് താഴെയുള്ള കുറിപ്പ് (2) പ്രകാരം പ്രവേശനകാലമായോ അർഹമായതും അനുവദിനീയവുമായ അവധിയായോ ഇവ രണ്ടുമായോ കണക്കാക്കിയും ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു തങ്കച്ചി.എം.കെ
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് &

ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ജയിംസ് മാത്യു റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (അഗ്രി - എ1/142/2021-ധന പ്രകാരം)

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 12-11-2021 15:23:14
സെക്ഷൻ ഓഫീസർ
Reason: Approved